# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6192     08.07.2014 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാത്തവർ

ചോദ്യം     ഉത്തരം

ശ്രീ. കെ.വി.വിജയദാസ്     ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് മുപ്പതിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു പി.റ്റി. എസ്. ജോലി പോലും ലഭിക്കാത്തവർക്ക് പ്രായപരിധി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സംസ്ഥാന സർക്കാർ നിയമനങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 36 വയസ്സിൽ നിന്ന് 41 വയസ്സായി ഉയർത്തിയിട്ടുണ്ട്. (ഇക്കാര്യത്തിൽ സംവരണ വിഭാഗങ്ങൾക്കുള്ള നിയമാനുസൃത വയസ്സിളവ് ബാധകമാണ്). പാർട്ട് ടൈം തസ്തികയിലേക്ക് പരിഗണിക്കേണ്ട ഉയർന്ന പ്രായപരിധി നിയമാനുസൃതമായ എല്ലാ വയസ്സിളവും ഉൾപ്പെടെ 50 വയസ്സായി നിജപ്പെടുത്തിയുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മാനുഷിക പരിഗണന നൽകി ജോലി ലഭിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) യും (സി) യും | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് മുപ്പത് വർഷത്തിലേറെ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ചവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനുള്ള കാലയളവ് വർദ്ധിപ്പിച്ചു നൽകുമോ ? | | |

സെക്ഷൻ ഓഫീസർ